9) പാലക്കാട് ജില്ല

i) ഒറ്റപ്പാലം താലൂക്ക് - 20വില്ലേജുകൾ

ii) മണ്ണാർക്കാട് താലൂക്ക് - 1 വില്ലേജുകൾ

iii) പാലക്കാട് താലൂക്ക് - 26 വില്ലേജുകൾ

iv) ആലത്തൂർ താലൂക്ക് - 30 വില്ലേജുകൾ

v) ചിറ്റൂർ താലൂക്ക് - 30 വില്ലേജുകൾ

10) മലപ്പുറം ജില്ല

i) തിരൂരങ്ങാടി താലൂക്ക് - 6 വില്ലേജുകൾ

ii) തിരൂർ താലൂക്ക് - 3 വില്ലേജുകൾ

iii) ഏറനാട് താലൂക്ക് - 26 വില്ലേജുകൾ

iv) നിലമ്പൂർ താലൂക്ക് - 14 വില്ലേജുകൾ

11) കോഴിക്കോട് ജില്ല

i) വടകര താലൂക്ക് - 10 വില്ലേജുകൾ

12) വയനാട് ജില്ല

i) മാനന്തവാടി താലൂക്ക് - 6 വില്ലേജുകൾ

ii) വൈത്തിരി താലൂക്ക് - 18 വില്ലേജുകൾ

iii) സുൽത്താൻ ബത്തേരി താലൂക്ക് - 11 വില്ലേജുകൾ

13) കണ്ണൂർ ജില്ല

i) തളിപ്പറമ്പ് താലൂക്ക് - 18 വില്ലേജുകൾ പൂർണ്ണമായും, 10 വില്ലേജുകൾ ഭാഗികമായും പൂർത്തിയായി.

14) കാസർഗോഡ് ജില്ല

i) കാസർഗോഡ് താലൂക്ക് - 3 വില്ലേജുകൾ ഭാഗീകമായി (4 ബ്ലോക്കുകൾ) പൂർത്തിയായി.

(ബി) റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് ജില്ലയിലെ റീസർവ്വേ

192 (3980) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ റീസർവ്വേ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ ഉപ്പള, കോയിപ്പാടി, കുഡുലു എന്നീ വില്ലേജുകളിൽപ്പെട്ട 4 ബ്ലോക്കുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ടി വില്ലേജുകളിൽപ്പെട്ട ബാക്കി 6 ബ്ലോക്കുകളുടെയും മധൂർ വില്ലേജിലെ 2 ബ്ലോക്കുകളുടെയും റീസർവ്വേ പുരോഗതിയിലാണ്.

കുട്ടനാട്ടിലെ റീസർവ്വേ നടപടികൾ

193 (3982) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ റീസർവ്വേ നടപടികൾ എത്ര പഞ്ചായത്തുകളിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പൂർത്തിയാക്കുവാൻ വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) റീസർവ്വേ ഉദ്യോഗസ്ഥരുടെ കുറവ് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് താലൂക്കിലെ 11 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) റീസർവ്വേ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേയ്ക്കുവേണ്ടി കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിൽ 'ഭൂമികേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) റീസർവ്വേ ഉദ്യോഗസ്ഥരുടെ കുറവ് നികത്തുന്നതിന് വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റാന്നി താലൂക്കിലെ റീസർവ്വേ നടപടികൾ

194 (3983) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിലെ ഏതൊക്കെ വില്ലേജുകളിലാണ് ഇപ്പോൾ ഭൂമിയുടെ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളത് എന്ന് വില്ലേജുകളുടെ പേരും, പൂർത്തീകരിച്ച വർഷവും സഹിതം വ്യക്തമാക്കുമോ ;

(ബി) റാന്നി-പെരുനാട് വില്ലേജിൽ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വില്ലേജിലെ റീസർവ്വേ നടപടികൾ എന്നു പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly